പറഞ്ഞിട്ടുള്ളത് നല്ലയിനം അരി വിതരണം ചെയ്യണമെന്നുള്ളതാണ്. അതിന് കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി ഇപ്പോഴും വിതരണം ചെയ്യുന്നത് നല്ലയിനം അരിയാണ്. അദ്ദേഹത്തിൻറെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ മറെറാരു കാര്യം പറയുന്നത് ആഴ്ചയിലെ റേഷൻ വ്യാപാരികളുടെ ഒഴിവുദിവസം ഏകീകരിക്കണമെന്നാണ്. അത് ഓരോ ജില്ലയിലും ജനങ്ങളുടെ ആവശ്യമനുസരിച്ചാണ് ഇപ്പോഴും വച്ചിട്ടുള്ളത്. ഉദാഹരണമായി മിക്കവാറും ഞായറാഴ്ചയാണെങ്കിലും തിരുവനന്തപുരം ജില്ലയെ സംബന്ധിച്ചിടത്തോളം ഇവിടത്തെ ഉദ്യോഗസ്ഥൻമാരുടേയും മറും സൗകര്യം പരിഗണിച്ച് ഇവിടത്തെ ജില്ലാകളക്ടറും അവരുംകൂടി തീരുമാനിച്ചതുപ്രകാരം തിങ്കളാഴ്ചയാണ്. ആ സന്ദർഭത്തിൽ ജനങ്ങളുടെ സൗകര്യമനുസരിച്ചാണ് വീക്കിലി ഹോളിഡേ അവർക്കു നിശ്ചയിച്ചിട്ടുള്ളത്. പെട്ടെന്ന് ആ സൗകര്യമെല്ലാം അവഗണിച്ചുകൊണ്ട് ഏകീകരിക്കുക എന്നു പറയുന്നത് ബുദ്ധിമുട്ടായിരിക്കും. ഏതായിരുന്നാലും ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യങ്ങളിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങളെല്ലാംതന്നെ ഗവൺമെൻറ് പരിശോധിക്കുന്നതാണ്. കമ്മീഷൻ നൽകുന്നതിനെസംബന്ധിച്ച് ഗവൺമെൻറിൻറെ നിലപാട് ഇതാണ്. സെയിൽസ് ടാക്സ് ഒഴിവാക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സമ്മതിക്കുകയാണെങ്കിൽ അത് ഒഴിവാക്കി അതിൽനിന്നും ഒരു ഭാഗം ഇവർക്ക് കമ്മീഷനായി നൽകുന്നതിൽ വിരോധമില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റർ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു മറു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടെ കമ്മീഷൻ കൂടുതലാണെന്ന്. ആ വസ്തുത അംഗീകരിക്കാൻ തയ്യാറാണ്. പക്ഷേ കമ്മീഷൻ കൂടുതലാണെങ്കിൽപ്പോലും ഇന്ന് മറു സംസ്ഥാനങ്ങളെ അപേക്ഷിച്ച് റേഷൻ വ്യാപാരികൾക്ക് കിട്ടുന്ന മാർജിൻ വളരെ തുച്ഛമാണ്. അത് മനസ്സിലാക്കിയെങ്കിലും റേഷൻവ്യാപാരികളെ രക്ഷിക്കുന്നതിന് തൽക്കാലം സെയിൽസ്ടാക്സ് എടുത്തുകളയുമെന്ന് ഉറപ്പായ ഒരു തീരുമാനം സർക്കാരിൽനിന്നുമുണ്ടാകുമോ?

ശ്രീ. യു. എ. ബീരാൻ: ഞാൻ ആദ്യമേതന്നെ പറഞ്ഞു ഇന്ത്യയിൽ കൂടുതൽ ചെലവ് ഉണ്ടാകുന്ന സംസ്ഥാനം എന്ന നിലയിലായിരിക്കാം കേരളത്തിലാണ് റേഷൻവ്യാപാരികൾക്ക് കൂടുതൽ കമ്മീഷൻ നൽകുന്നത് എന്ന്. ഇഷ്യൂപ്രൈസും റസല്ലിംഗ് പ്രൈസും തമ്മിലുള്ള വ്യത്യാസം 15 രൂപയോളമായിരിക്കണമെന്ന് നിർദ്ദേശമുണ്ടായിട്ടും ഇവിടെ 18 രൂപയോളം വരുന്നുണ്ട്. അതിൽ ഏഴു രൂപ ഇരുപത്തൊൻപത് പൈസ ഇവർക്കുള്ള കമ്മീഷനാണ്. പിന്നെ സെയിൽസ്ടാക്സും സർച്ചാർജും ബാക്കിയുള്ള കാര്യങ്ങളുമാണ് വരുന്നത്. അതുകൊണ്ട് വീണ്ടും എനിക്ക് പറയാനുള്ളത് സെയിൽസ്ടാക്സ് ഒഴിവാക്കുന്നതിന് എനിക്ക് വിരോധമില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അംഗീകരിക്കുകയാണെങ്കിൽ അത് ഒഴിവാക്കി അതിൽനിന്ന് ഒരു ഭാഗം ഇവർക്ക് കമ്മീഷനായി നൽകാവുന്നതാണ്.

IV. സബ്മിഷൻ

(1) മാവേലിക്കര റെയിൽവേ സ്റേഷനു വടക്കുവശത്ത് ഓവർബ്രിഡ്ജ് പണിയണമെന്ന ആവശ്യം

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, മാവേലിക്കര റെയിൽവേ സ്റേഷൻറെ വടക്കുവശത്തുകൂടിയുള്ള റോഡിലെ ഗേറ് ഗതാഗതസമയത്ത് അടച്ചിടുന്നതുകൊണ്ട്, ബുദ്ധിമുട്ടും ഗതാഗതതടസ്സവും ആ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്ത് ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഇപ്പോഴുള്ള റോഡിന്റെ അലൈൻമെന്റ് മാറി, വടക്കുഭാഗത്തോട്ടുനീക്കി, സൗകര്യപ്രദമായ രീതിയിൽ ഓവർബ്രിഡ്ജ് പണിതെങ്കിൽ മാത്രമേ ഈ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ കഴിയുകയുള്ളൂ. ധാരാളം ബസ്സുകളും കാറുകളുമൊക്കെ സഞ്ചരിക്കുന്ന ഒരു റോഡാണിത്. അവിടെ ഒരു ഓവർബ്രിഡ്ജ് പണിത്, അവിടെയുള്ള ഗതാഗതതടസ്സം ഒഴിവാക്കണമെന്ന ആവശ്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, പുതിയകാവ് പള്ളിക്കൽ റോഡിലുള്ള ഓവർബ്രിഡ്ജിന്റെ കാര്യമാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: പുതിയകാവ് പള്ളിക്കൽ റോഡ് അല്ല. അതുതെറ്റാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇവിടെ വന്നിരിക്കുന്ന വിഷമം എന്താണെന്നു വച്ചാൽ ഈ റെയിൽവേ ഓവർബ്രിഡ്ജുകളുടെ കാര്യം സംബന്ധിച്ചുള്ള ശ്രദ്ധക്ഷണിക്കലുകൾ എനിക്ക് കിട്ടുന്നത് അന്നേ ദിവസം രാവിലെയാണ്. ഇപ്പോൾ ഇതെല്ലാം ഉപമുഖ്യമന്ത്രിക്കാണ് അയച്ചുകൊടുക്കുന്നത്. അതുകൊണ്ട് ദയവായി ഈ സഭയിൽ റെയിൽവേയെ സംബന്ധിച്ചുള്ള കാര്യങ്ങൾ എനിക്ക് അയച്ചുതരുവാനുള്ള ഏർപ്പാട് അങ്ങ് ചെയ്തുതരണം. ഈ സബ്മിഷനുള്ള മറുപടി നാളെ പറയാം.

(2) തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ അസൗകര്യങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശിവപ്പേരൂർ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ പൊതുവേയും, ഇലക്ട്രോണിക്സ് കമ്മ്യൂണിക്കേഷൻസ് വിദ്യാർത്ഥികൾ വിശേഷിച്ചും അനുഭവിക്കുന്ന ദുരവസ്ഥയിലേക്ക് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

മാനവരാശിയുടെ ആധുനികതയ്ക്ക് കമ്പ്യൂട്ടർ സയൻസും, ഇലക്ട്രോണിക്സും രണ്ടു പ്രധാനപ്പെട്ട ഘടകങ്ങളാണെന്നു പറഞ്ഞാൽ അതിൽത്തിരെ അതിശയോക്തിയില്ല. ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയവരെ കമ്പ്യൂട്ടർ സയൻസിനും, അതിന്റെ തൊട്ടടുത്ത മാർക്കു കിട്ടിയവരെ ഇലക്ട്രോണിക്സിനും ചേർക്കുന്നതിന്റെ അർത്ഥം അതാണല്ലോ? പക്ഷേ ഇലക്ട്രോണിക്സിന് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ഇന്ന് കടുത്ത ശിക്ഷയനുഭവിക്കുകയാണ്. ഇപ്പോൾ അവിടെയുള്ള 3 ബാച്ചുകൾക്ക് ഒരു പ്രൊഫസറും രണ്ടു അസിസ്റ്റന്റ് പ്രൊഫസർമാരും 6 ലക്ചറർമാരും ആവശ്യമാണ്. എന്നാൽ അവിടെ ഇപ്പോഴുള്ളത്, ഒരു പ്രൊഫസറും 2 ലക്ചറർമാരും മാത്രമാണ്. ഒരാഴ്ചയിൽ പരമാവധി 16 മണിക്കൂർ മാത്രം ജോലി ചെയ്യാൻ ബാദ്ധ്യതയുള്ള അദ്ധ്യാപകർ ഇന്ന് 27 മണിക്കൂർ വരെ ജോലി ചെയ്യേണ്ടിവരുന്നു. എന്നാൽ പോലും അവർക്ക് വിഷയങ്ങൾ എടുത്തുതീർക്കാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ അടുത്ത ബാച്ചുകൂടി വന്നുകഴിഞ്ഞാലുള്ള സ്ഥിതി ആലോചിക്കാൻകൂടി കഴിയുകയില്ല. സാങ്കേതിക വിഷയങ്ങളുടെ പഠനത്തിൽ ലക്ചർ ക്ലാസ്സുകൾക്കുള്ളതുപോലെതന്നെ പ്രാധാന്യം പ്രാക്ടിക്കൽ ക്ലാസ്സുകൾക്കുമുണ്ട്. പക്ഷേ ഒരു ഒന്നാം ഗ്രേഡ് അസിസ്റ്റന്റുമാരും ഒരു രണ്ടാം ഗ്രേഡ് അസിസ്റ്റന്റും 4 സ്കിൽഡ് അസിസ്റ്റന്റുമാരും

LIBRARY ARCHIVES Kerala Legislative Assembly